**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/03/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: ഏപ്രിൽ -04- 2024**

<u>പരാതിക്കാരൻ</u> : ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മന്റ് ആൻഡ് ട്രെയിനിങ് (SIEMAT- കേരള), എം. ജി. റോഡ്, ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം ജില്ല- 695036

<u>എതിർകക്ഷി</u> : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഫോർട്ട്, തിരുവനന്തപുരം ജില്ല.

## <u>ഉത്തരവ്</u>

## <u>പരാതിയുടെ പശ്ചാത്തലം</u>

അപ്പീൽ പരാതിക്കാരൻ SIEMAT എന്ന സ്ഥാപനത്തിന്റെ Director ആണ്. SI`EMAT(State Institute of Educational Management and Training) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഒരു സർക്കാർ സ്ഥാപനമാണ്. Travancore Cochin Literacy, Scientific & Charitable Societies Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും പൊതുവിദ്യാലയ മേധാവികൾക്കും, വിദ്യാഭ്യാസ ഓഫീസർമാർക്കും, വിദ്യാഭ്യാസ സ്ഥാപനമേധാവികൾക്കും, മാനേജ്മെന്റ് ട്രെയിനിങ് നൽകുന്നതുമാണ് ഈ സ്ഥാപനം. SEMAT, ലൈസൻസിയുടെ (KSEBL) തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ഫോർട്ട് സെക്ഷനിൽ ഉൾപ്പെട്ട ഉപഭോക്താവാണ്. സർക്കാർ സ്ഥാപനമാണെന്ന് ധരിച്ച് LT VIA താരിഫിൽ ആണ് ഈ സ്ഥാപനത്തിൽ നിന്നും വൈദ്യുത ചാർജ് ഈടാക്കിയിരുന്നത്. എന്നാൽ തിരുവനന്തപുരം RAU നടത്തിയ 2022 നവംബറിലെ പരിശോധനയിൽ LT VIA-ൽ ബില്ല് നൽകിയിരുന്നത് ശരിയല്ല എന്നും LT VIB-ലേക്ക് മാറ്റണമെന്നും റിപ്പോർട്ട് ചെയ്തു. അങ്ങനെ 2016 മുതലുള്ള Short assessment തുക കണക്കാക്കി 2,01,032/-

രൂപ SEMAT-ൽ ഈടാക്കാനുള്ള ബിൽ നൽകുകയും ചെയ്തു. 31/10/2023-ൽ KSERC പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം ഇത്തരം സ്ഥാപനങ്ങളെ LT VIA-ൽ ഉൾപ്പെടുത്തിയെങ്കിലും അത് പ്രാബല്യത്തിലായത് 01/11/2023 മുതലാണ്. മുൻകാലങ്ങളിലും ഉള്ള താരിഫ് LT VIA-ആയി നിലനിർത്തി short assessment demand മരവിപ്പിക്കണം എന്ന പരാതി CGRF-ൽ സമർപ്പിക്കുകയും, നടപടി ക്രമങ്ങൾ പൂർത്തിയാക്കി CGRF ഉത്തരവിറക്കുകയും ചെയ്തു. അതിന്റെ അപ്പീൽ പരാതിയായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

സീമാറ്റ് - കേരള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമാണ്. പൊതുവിദ്യാലയ മേധാവികൾക്കും വിദ്യാഭ്യാസ ഓഫീസർ മാർക്കും വിദ്യാഭ്യാസ മാനേജ്മെൻ്റിൽ പരിശീലനം നൽകുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിൻ്റെ പ്രധാന ചുമതല. എല്ലാ അർത്ഥത്തിലും സർക്കാർ വക വിദ്യാഭ്യാസ സ്ഥാപനമാണ് സീമാറ്റ് - കേരള. സർക്കാരിൽനിന്ന് പ്രതിവർഷം ലഭിക്കുന്ന Grand-in-aid ഉപയോഗിച്ചാണ് ഇൻസ്റ്റിറ്റൂട്ട് പ്രവർത്തിക്കുന്നത്. തനത് ഫണ്ടോ മറ്റ് വരുമാന മാർഗ്ഗങ്ങളോ ഇൻസ്റ്റിറ്റൂട്ടിന് ഇല്ലാത്തതാകുന്നു. സീമാറ്റ് - കേരളയുടെ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവരിൽ നിന്ന് ഫീസോ മറ്റ് ചാർജ്ജുകളോ ഈടാക്കുന്നില്ല. തിരുവനന്തപുരം നഗരത്തിൽ ഈസ്റ്റ്ഫോർട്ടിൽ അട്ടക്കുളങ്ങര സെൻട്രൽ സ്കൂളിന് സമീപമുള്ള സ്വന്തം കെട്ടിട സമുച്ചയത്തിലാണ് സീമാറ്റ് - കേരള പ്രവർത്തി ചെയ്യുന്നത്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായ താരിഫ് വിഭാഗത്തിൽപ്പെടുത്തിയാണ് 2016 ജനുവരി മുതൽ 2022 നവംബർ വരെ സ്ഥാപനം പ്രത്യേകമായി ആവശ്യപ്പെടാതെ തന്നെ കെ.എസ്.ഇ.ബി വൈദ്യുതി ചാർജ്ജ് ഈടാക്കി വന്നിരുന്നു.

എന്നാൽ 07/12/2022-ൽ കെ.എസ്.ഇ.ബി അസിസ്റ്റൻ്റ് എഞ്ചിനീയർ, ഫോർട്ട് സെക്ഷൻ institute-ന് ബാധകമായ താരിഫ് LT VIA അല്ല LT VIB ആണെന്നും ആയതിനാൽ 01/2016 മുതൽ 01/2022 വരെയുള്ള കാലയളവിൽ കുടിശ്ശികയായി 2,01,032/- രൂപ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയുണ്ടായി. സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനമായ സീമാറ്റ് - കേരളയെ LT VIA കാറ്റഗറി സ്ലാബിൽ നിലനിർത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കുടിശ്ശിക ഈടാക്കാനുള്ള ശ്രമം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും KSEB-യുടെ അസിസ്റ്റൻ്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ളവർക്ക് പരാതി നൽകിയിട്ടും ഫലം ലഭിക്കാത്തതിനാൽ അപേക്ഷ ബഹു. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ സമക്ഷം സമർപ്പിച്ചിരുന്നു. കൂടാതെ 15/05/2023-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

എഞ്ചിനിയേഴ്സ് ഹാളിൽ വെച്ച് (വെള്ളയമ്പലം, തിരുവനന്തപുരം) കമ്മീഷൻ നടത്തിയ അദാലത്തിൽ സീമാറ്റ് - കേരള പ്രതിനിധികൾ പങ്കെടുക്കുകയും ഇൻസ്റ്റിറ്റ്യൂട്ടിനെ LT VIA കാറ്റഗറിയിൽ നിലനിർത്തണമെന്നും, കുടിശ്ശിക ഈടാക്കാൻ കെ.എസ്.ഇ.ബി.യെ അനുവദിക്കരുതെന്നും ബഹു. കമ്മിഷനെ നേരിൽ ബോധിപ്പിക്കുകയും ചെയ്തു. ആയതനുസരിച്ച് സീമാറ്റ് - കേരളയ്ക്ക് ബാധകമായ താരിഫ് LT VIA ആയി നിശ്ചയിച്ചുകൊണ്ട് ബഹു. റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മുൻകാല പ്രാബല്യത്തോടെ സീമാറ്റ് - കേരളയ്ക്ക് ബാധകമായ ഇലക്ട്രിസിറ്റി താരിഫ് കാറ്റഗറി LT VIA യിൽ നിന്നും LT VIB ആക്കി മാറ്റിയ കെ.എസ്.ഇ.ബി.യുടെ ഏകപക്ഷീയമായ നീക്കത്തിനെതിരെയും 2016 ജനുവരി മുതൽ നിരക്ക് വ്യത്യാസത്തിന് . മുൻകാല പ്രാബല്യം നൽകി 2,01,032 ഈടാക്കാനുള്ള ബോർഡിൻ്റെ സാമാന്യ നീതിക്കും യുക്തിക്കും നിരക്കാത്ത തീരുമാനത്തിനെതിരേയും സീമാറ്റ്-കേരള കെ.എസ്.ഇ.ബി.യുടെ കൺസ്യൂമർ ഗ്രിവൻസ് റിഡ്രസ്സൽ ഫോറത്തിലും പരാതിനൽകിയിരുന്നു.

തുടർന്ന് 17/10/202-ൽ കൊട്ടാരക്കര വച്ച് ഫോറം നടത്തിയ ഹിയറിംഗിൽ ഇൻസ്റ്റിറ്റൂട്ട് പ്രതിനിധി പങ്കെടുത്തു, ആവശ്യങ്ങൾ വാദമുഖങ്ങൾ നേരിട്ട് ബോധിപ്പിക്കുകയും ചെയ്തു. പിന്നീട് സീമാറ്റ് - കേരളയ്ക്ക് ബാധകമായ താരിഫ് കാറ്റഗറി LT VIA ആയിരിക്കുമെന്ന് നിശ്ചയിച്ച് ബഹു. റെഗുലേറ്ററി കമ്മിഷൻ പുറപ്പെടുവിച്ച വിധിയുടെ പകർപ്പ് കൺസ്യൂമർ ഗ്രിവൻസ് റിഡ്രസ്സൽ ഫോറത്തിൻ്റെ ഓഫീസിലേക്ക് e-mail ചെയ്ത് കൊടുക്കുകയും ചെയ്തു.

എന്നാൽ 19/12/2023-ൽ കൺസ്യൂമർ ഗ്രിവൻസ് റിഡ്രസ്സൽ ഫോറം പുറപ്പെടുവിച്ച തീർപ്പിൽ സീമാറ്റ് - കേരള നൽകിയ കേസിൻ്റെ മെറിറ്റിലേയ്ക്ക് കടക്കാതെയാണ് തീർപ്പ് പുറപ്പെടുവിച്ചിരിക്കുന്നത്. ഉത്തരവിൽ തന്നെ ഇത് സൂചിപ്പിച്ചിട്ടുമുണ്ട്. മാത്രമല്ല, റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീമാറ്റ് - കേരളയ്ക്ക് ബാധകമായ താരിഫ് കാറ്റഗറി നിശ്ചയിച്ചു എതിർ കക്ഷിയായ കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകിയിരിക്കുകയുമാണ്. മുൻകാല പ്രാബല്യത്തോടെ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു 2,01,032 രൂപ കുടിശ്ശിക ഈടാക്കാനുള്ള കെ.എസ്.ഇ.ബി.യുടെ ഏകപക്ഷീയവും നീതിരഹിതവുമായ തീരുമാനം നടപ്പാക്കാൻ അനുവദിക്കരുതെന്ന ഇൻസ്റ്റിട്യൂട്ടിന്റെ പ്രധാന ആവശ്യത്തെക്കുറിച്ച് യാതൊരു പരാമർശവും ഫോറത്തിൻ്റെ തീർപ്പിൽ കാണുന്നില്ല.

2022 ഡിസംബറിൽ ആണ് institute-നെ കാറ്റഗറി LT VIB-യിൽ പെടുത്തി വൈദ്യതി ചാർജ്ജ് ഈടാക്കാൻ KSEB തീരുമാനിച്ചത്. ആയതിനാൽ 2016 ജനുവരി മുതൽ 2022 നവംബർ വരെയുള്ള കാലത്തേയ്ക്ക് LT VIB നിരക്കിൽ വൈദ്യുതി ചാർജ്ജ് കണക്കാക്കി

2,01032/- രൂപ കുടിശ്ശികയായി ഈടാക്കാനുള്ള KSEB- യുടെ തീരുമാനവും ശ്രമവും ഉപേക്ഷിക്കാൻ ഉത്തരവ് നൽകുക. വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഓംബുഡ്സ്മാൻ അപ്പീൽ പരാതി നൽകിയിട്ടുള്ളതിനാൽ ആയതിൽ തീർപ്പ് ഉണ്ടാകുന്നതുവരെ കുടിശ്ശിക ഈടാക്കാൻ ശ്രമിക്കരുതെന്ന് കെ.എസ്.ഇ.ബിക്ക് നിർദ്ദേശം നൽകുക.

ഈ വിഷയത്തിൽ അന്തിമ തീർപ്പ് ആകുന്നതുവരെ ഒരു "കാരണവശാലും ഇൻസ്റ്റിട്യൂട്ടിന്റെ വൈദ്യുതിബന്ധം വിച്ഛേദിക്കരുതെന്ന് KSEB-യ്ക്ക്' അടിയന്തര നിർദ്ദേശം നൽകുക. അന്തിമ തീർപ്പാകുന്നതുവരെ കുടിശ്ശിക തുകയ്ക്ക് പിഴപ്പലിശയോ, സർചാർജ്ജോ മറ്റ് പെനാൽറ്റികളോ കൂട്ടി ചേർക്കാൻ KSEB-യെ അനുവദിക്കാതിരിക്കുക. സീമാറ്റ് - കേരളയ്ക്ക് ബാധകമായ താരിഫ് കാറ്റഗറി LT VIA ആണെന്ന് ബഹു. റെഗുലേറ്ററി കമ്മീഷൻ ഉത്തരവായിട്ടുള്ളതിനാൽ 01/2022 മുതൽ നാളിതുവരെ LT VIA കാറ്റഗറിയിൽപ്പെടുത്തി ഈടാക്കിയിട്ടുള്ള അധിക വൈദ്യുതി ചാർജ്ജ് ഉടനടി തിരിച്ച് നൽകാൻ കെ.എസ്.ഇ.ബിക്ക് നിർദ്ദേശം നൽകുക.

## <u>എതിർക്കക്ഷിയുടെ വാദം</u>

സീമാറ്റ് – കേരള (സ്റ്റേറ്റ് ഇൻസ്റ്റിററ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജൻ്റ് ആൻഡ് ട്രെയിനിംഗ് – കേരള) പൊതുവിദ്യാഭ്യാസ വകുപ്പിൻ്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്വയം ഭരണാധികാരമുള്ള ഒരു സർക്കാർ സ്ഥാപനമാണ്. വിദ്യാഭ്യാസ മാനേജ്മെൻ്റിൽ പരിശീലനം നൽകുക എന്നതാണ് ഇൻസ്റ്റിററൂട്ടിൻ്റെ പ്രധാന ചുമതല. ഈ സ്ഥാപനം 30.03.2004-ൽ Travancore Cochin Literary Scientific and Charitable Societies Registration Act XII of 1995 പ്രകാരം വിദ്യാഭ്യാസ മാനേജൻ്റ് പരിശീലനത്തിനു വേണ്ടി രജിസ്റ്റർ ചെയ്ത സ്ഥാപനമാണ്. പൊതു വിദ്യാലയ മേധാവികൾക്കും, വിദ്യാഭ്യാസ ഓഫീസർമാർക്കും, വിവിധ ഇൻസ്റ്റിററ്റ്യൂഷൻ മേധാവികൾക്കും, രക്ഷിതാക്കൾക്കും, എൽ. എസ്. ജി മെമ്പർമാർക്കും, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകൾക്കും, മാനേജ്മെൻ്റ് ട്രെയിനിംഗ് കൊടുക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട വിവിധ പഠനങ്ങൾ നടത്തുന്നതിനും, ഹാൻഡ്സ് ബുക്കുകൾ തയ്യാറാക്കുന്നതിനുമാണ് ടി സ്ഥാപനത്തിൻ്റെ പ്രധാന പ്രവർത്തനങ്ങൾ.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അതത് സമയങ്ങളിൽ ഇറക്കുന്ന 'ഷെഡ്യൂൾ ഓഫ് താരിഫ് ആൻഡ് കണ്ടീഷൻസ് ഫോർ റീട്ടെയിൽ സപ്ലൈ ഓഫ് ഇലക്ട്രിസിറ്റി' ഉത്തരവ്' പ്രകാരമാണ് കെ. എസ്. ഇ. ബി. എൽ ഓരോ

ഉപഭോക്താവിനും ബാധകമായ താരിഫ് നിർണയിക്കുന്നത്. വൈദ്യുതി ഉപഭോഗത്തിൻ്റെ ആവശ്യകത അടിസ്ഥാനമാക്കിയാണ് താരിഫ് തീരുമാനിക്കുന്നത്. 2016 കാലഘട്ടം മുതൽ റെഗുലേറ്ററി കമ്മീഷൻ്റെ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം താഴെ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കാണ് LT-VI General (A)/ LT VI(A) ബാധകമാക്കിയിട്ടുള്ളത്.

1. സർക്കാർ അല്ലെങ്കിൽ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ; സർക്കാർ അല്ലെങ്കിൽ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലൈബ്രറികളും വായന മുറികളും.

2. കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ഡിസ്പെൻസെറികൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു; എക്സ്റേ യൂണിറ്റുകൾ, ലബോറട്ടറികൾ, രക്തബാങ്കുകൾ, മോർച്ചറികൾ മറ്റ് യൂണിറ്റുകൾ; ഐ.എം.എ:യുടെ രക്തബാങ്കുകൾ, എക്സ്സർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിന് കീഴിലുള്ള പോളി ക്ലിനിക്കുകൾ.

3. ക്ഷേത്രങ്ങൾ, മസ്ജിദുകൾ, പള്ളികൾ തുടങ്ങിയ മതപരമായ ആരാധനാ കേന്ദ്രങ്ങൾ; മത വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങൾ, ആശ്രമങ്ങൾ, മഠങ്ങൾ

4. പാവപ്പെട്ടവർക്ക് സൗജന്യ ഡയാലിസിസ് നൽകുന്ന ഡയാലിസിസ് സെന്ററുകൾ.

കൂടാതെ LT VIB താരിഫ് താഴെ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കാണ് ബാധകമാക്കിയിട്ടുള്ളത്. പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

LT-VI General (C) വിഭാഗത്തിൽ ഉൾപ്പെട്ടവ ഒഴികെയുള്ള സംസ്ഥാനം / കേന്ദ്ര ഗവൺമെൻ്റുകൾക്ക് കീഴിലുള്ള അല്ലെങ്കിൽ പ്രാദേശിക ഭരണത്തിന് കീഴിലുള്ള ഓഫീസുകളും സ്ഥാപനങ്ങളും; വില്ലേജ് ഓഫീസുകൾ; സർക്കാർ ട്രഷറികൾ.

തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ഫോർട്ട് സെക്ഷനിൽ കൺസ്യൂമർ ആണ് SIEMAT-Kerala (കൺസ്യൂമർ നമ്പർ 1145034013900). സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ് എന്ന് ധരിച്ച്, ടി സ്ഥാപനത്തിന് LT VIA താരിഫിൽ വൈദ്യുതി ബില്ലുകൾ നൽകി വന്നിരുന്നു. _ എന്നാൽ, തിരുവനന്തപുരം ഇലക്ട്രിക്കൽ സർക്കിളിൻ കീഴിലുള്ള റീജണൽ ഓഡിറ്റ് ഓഫീസർ 2022 നവംബർ

മാസം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ, 24.11.22-ൽ നൽകിയ പരിശോധന റിപ്പോർട്ടിൽ, സീമാറ്റ്-കേരള എന്ന സ്ഥാപനത്തിന് LT VIA താരിഫിൽ ബിൽ നൽകിയത് ശരിയല്ല എന്നും, കൺസ്യൂമറിനെ LT VIB താരിഫിലേക്ക് മാറ്റണമെന്നും, 2016 മുതലുള്ള തുകയായി 2,01,032/- രൂപയുടെ ഡിമാൻഡ് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. KSERC അംഗീകരിച്ച 'ഷെഡ്യൂൾ ഓഫ് താരിഫ് & കണ്ടിഷൻസ് ഫോർ റീട്ടെയിൽ സപ്ലൈ ഓഫ് ഇലക്ട്രിസിറ്റി' പ്രകാരം സംസ്ഥാന/കേന്ദ്ര ഗവണ്മെന്റുകൾക്ക് കീഴിലുള്ള അല്ലെങ്കിൽ പ്രാദേശിക ഭരണത്തിന് കീഴിലുള്ള ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും" LT VIB താരിഫ് ആണ് ബാധകം, സീമാറ്റ്-കേരള സർക്കാർ / സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമായി കണക്കാക്കാൻ കഴിയില്ല. ഇതിൻ്റെ അടിസ്ഥാനത്തിൽ സീമാറ്റ്-കേരള താരിഫ് 01.12.22-ൽ സെക്ഷൻ ഇനിഷ്യേറ്റഡ് താരിഫ് ചേഞ്ച് ആയി LT VIA-യിൽ നിന്നും LT VIB-യിലേക്ക് മാറ്റുകയും, 08.12.2022-ൽ അവർക്ക്' 2,01,032/- രൂപയുടെ Short assessment ബില്ല് നൽകുകയും ചെയ്തു. KSEBL-ൻ്റെ വിവിധ ഓഫീസുകളെ സമീപിച്ച സീമാറ്റ്-കേരളക്ക് കാര്യകാരണസഹിതം മറുപടി നൽകിയിട്ടും തൃപ്തരാവാതെ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ ഈ താരിഫ് മാറ്റത്തിനെതിരെ അപേക്ഷ നൽകുകയും ചെയ്തു.

കൂടുതൽ അന്വേഷണത്തിലും, ഡയറക്ടർ, സീമാറ്റ്-കേരളയുടെ കത്തിൽ പരാമർശിച്ച പ്രകാരവും, ഒഫീഷ്യൽ വെബ്സൈറ്റ് പ്രകാരവും, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരവും, സീമാറ്റ്- കേരള എന്ന സ്ഥാപനത്തെ കുറിച്ച് താഴെ പറയുന്ന കാര്യങ്ങൾ ബോധ്യമായിട്ടുണ്ട്. 1. സീമാറ്റ്-കേരള, കേരള സംസ്ഥാന പൊത വിദ്യാഭ്യാസ വകുപ്പിൻ്റെ ഭാഗമായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമാണ്. 2. വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മാനേജ്മെൻ്റിൽ പരിശീലനം നൽകുന്നതാണ് സ്ഥാപനത്തിൻ്റെ പ്രധാന ഉദ്ദേശം. അതിനാൽ സീമാറ്റ്-കേരള ഒരു വിദ്യാഭ്യാസ വിഭാഗത്തിൻ്റെ സ്ഥാപനമായി കണക്കാക്കാൻ കഴിയുകയില്ല. 3. ട്രെയിനിങ് സെൻറർ ഒരു പ്രത്യേക മേഖലയിൽ വൈദഗ്ദ്ധ്യം കൊടുക്കാനാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഒരു സ്ഥാപനത്തിൻ്റെ Human Resource Management വകുപ്പിൻറെ പ്രധാന പ്രവർത്തനത്തിൻ്റെ ഭാഗമായാണ് ട്രെയിനിങ് സംഘടിപ്പിക്കുന്നത്. ട്രെയിനിങ് സെൻ്ററുകളിൽ വിദ്യാഭ്യാസ സ്ഥാപനത്തിൻ്റേതു പോലെ പതിവ് ക്ലാസുകൾ നടത്തുന്നില്ല. 4. സീമാറ്റ്-കേരള സർക്കാർ സഹായം ലഭിക്കുന്ന സ്ഥാപനമാണ്. 5. ഇതിനോട് അനുബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 2018-19 മുതൽ 2021-22 വരെയുള്ള control period-ലേക്കുള്ള ARR, ERC & Tariff Proposals അംഗീകരിക്കുന്നതിന് വേണ്ടി ഹർജി ഫയൽ ചെയ്തതിന് മേൽ കമ്മീഷൻ 08.07.19-ൽ പുറപ്പെടുവിച്ച ഉത്തരവിൽ, Chapter 2, page

no.14-ൽ, comments of stake holders on various issues' എന്ന വിഭാഗത്തിൽ LBS Centre for Science and Technology and its associated institutes-നു LT VIA താരിഫ് ബാധകമാക്കുന്നതിന് വേണ്ടി സമർപ്പിച്ച അഭ്യർത്ഥനയും അതിന്മേൽ കമ്മീഷന്റെ ഓർഡറിന്റെ പ്രസക്ത ഭാഗങ്ങളും ചുവടെ ചേർക്കുന്നു.

**Comments of Stake holders on various issues**
***f. Tariff for LBS centre for Science and Technology and its associated Institutions***

*2.81 The Principal LBS Institute of Technology for Women, has requested before the Commission to provide electricity tariff for LBS centre for Science and Technology and its associated Institutions on par with Government/ Aided colleges, in view of the Government order G.O (Ms) No. 251/2018 dated HEDN dated 15.10.2018.*

**Opinion of the Commission**

*Hence the Commission is of the view that, the electricity tariff applicable to the Government / Aided Educational Institutions cannot be extended to the educational Institutions run by the autonomous bodies under the State Government. The request of the LBS centre is rejected.*

സീമാറ്റ്-കേരള ഗവൺമെൻ്റിൽ നിന്നും സഹായധനം സ്വീകരിച്ചു പ്രവർത്തിക്കുന്ന ഒരു സ്വയംഭരണാധികാരമുള്ള(autonomous) സ്ഥാപനം ആണെന്ന് അവരുടെ ഉദ്യോഗിക വെബ്സൈറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. 30.03.2004-ൽ Travancore Cochin Literacy, Scientific & Charitable Societies Registration Act XII of 1995 പ്രകാരം വിദ്യാഭ്യാസ മാനേജ്മെൻറ് ട്രെയിനിങ് നൽകുന്നതിന് വേണ്ടി രജിസ്റ്റർ ചെയ്ത സൊസൈറ്റി ആണിത്. സീമാറ്റ്-കേരളയുടെ താരിഫ് LT VIA-യിൽ നിന്നും LT VIB-യിലേക്ക് സെക്ഷൻ ഇനിഷ്യേറ്റഡ് ആയി മാറ്റിയത് കമ്മീഷൻ്റെ മേൽപ്പറഞ്ഞ നിർദ്ദേശം കൂടി കണക്കിലെടുത്താണ്.

തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ, കേരള സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിൻ്റെ ഭാഗമായി എല്ലാ പരിശീലന സ്ഥാപനത്തിനും LT VIB താരീഫ് ആണ് ബാധകമാക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബി.എൽ-ൻ്റെ ഈ നടപടിക്കെതിരെ സിമാറ്റ്-കേരള ബഹുമാനപ്പെട്ട കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സിൽ ഫോറത്തെ സമീപിച്ച് പരാതി OP/54/2023 ആയി ഫയൽ ചെയ്തു. 19.12.2023-ലെ ബഹുമാനപ്പെട്ട കൺസ്യൂമർ ഗ്രീവൻസ് ഫോറത്തിൻ്റെ ഉത്തരവ് ഇപ്രകാരമായിരുന്നു :1. The respondent is directed to assign suitable tariff to the petitioner as directed by the Kerala State Regulatory Commission. 2. No order as to cost.

സീമാറ്റ്-കേരള സമർപ്പിച്ചിരിക്കുന്ന അപ്പീൽ പരാതിയിൻമേലുള്ള കാര്യവിവരണങ്ങൾ ഇവിടെ സമർപ്പിക്കുന്നു.

1&2 കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അതാത് സമയങ്ങളിൽ ഇറക്കുന്ന 'ഷെഡ്യൂൾ ഓഫ് താരിഫ് ആൻഡ് കണ്ടിഷൻസ് ഫോർ റീട്ടെയിൽ സപ്ലൈ ഓഫ് ഇലക്ട്രിസിറ്റി' ഉത്തരവ്പ്രകാരമാണ് കെ.എസ്.ഇ.ബി.യിൽ ഓരോ ഉപഭോക്താവിനും ബാധകമായ താരിഫ് നിർണ്ണയിക്കുന്നത്. 31-10-2023-ൽ KSERC പുറത്തിറക്കിയ, 01.11.2023 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് ഷെഡ്യൂൾ പ്രകാരം, സീമാറ്റ് കേരള-ക്ക് LT VIA താരിഫ് ആണ് ബാധകമായിട്ടുള്ളത്. എന്നാൽ 01.11.2023-നു മുൻപ് SIEMAT-Kerala-യ്ക്കു ബാധകമാക്കേണ്ട താരിഫുമായി ബന്ധപ്പെട്ട ഉത്തരവ് റെഗുലേറ്ററി കമ്മീഷനിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ, 01.11.23-നു മുൻപ് സീമാറ്റിന് ബാധകമാക്കേണ്ട താരിഫ് വ്യക്തമാക്കിയുള്ള ഉത്തരവിനു വേണ്ടി റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ട്. ഈ വിഷയം പരിഗണനയിലായതിനാൽ ഉപഭോക്താവിൻ്റെ കണക്ഷൻ വിച്ഛേദിച്ചിട്ടില്ല. സീമാറ്റ് -കേരളയുടെ താരിഫ് LT VIA-യിൽ നിന്നും LT VIB-യിലേക്ക് മാറ്റാനുള്ള തിരുവനന്തപുരം റീജിയണൽ ഓഫീസറുടെ നിർദ്ദേശം പരിശോധിച്ചു ബോധ്യപ്പെട്ടതിൻ്റെ അടിസ്ഥാനത്തിലാണ് 01.12.2022-ന് താരിഫ് LT VIB-യിലേക്ക് മാറ്റിയത്. 08.12.2022 തീയതിയിൽ സീമാറ്റ്ന് നൽകിയ 2016 മുതലുള്ള Short assessment demand-ൽ സർചാർജ് ഈടാക്കിയിട്ടില്ല.എന്നാൽ നാളിതുവരെ short assessment bill തുക ഒടുക്കിയിട്ടില്ല. ഉപഭോക്താവ് ടി തുക അടയ്ക്കാൻ വൈകുംതോറും ബിൽ തീയതി മുതലുള്ള സർചാർജ് വർദ്ധിക്കും. ആയതിനാൽ ഉപഭോക്താവ് ടി ബിൽ തുക എത്രയും വേഗം അടയ്ക്കുന്നതാണ് അഭികാമ്യം. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നിന്ന് സീമാറ്റ്-കേരള-യ്ക്ക് അനുകൂലമായി വിധി ഉണ്ടാവുന്നപക്ഷം പക്ഷം പ്രസ്തുത തുക മടക്കി കൊടുക്കാവുന്നതാണ്. നിലവിലെ ചട്ടങ്ങൾ പ്രകാരമാണ് കുടിശ്ശികയ്ക്ക് സർചാർജ് ഈടാക്കി വരുന്നത്. ഈ വിഷയത്തിന്മേൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നൽകുന്ന ഉത്തരവ് അനുസരിച്ച് തീർപ്പ് കൽപ്പിക്കാനാണ് കെ.എസ്.ഇ.ബി.എല്ലിൻ്റെ തീരുമാനം. മേൽപ്പറഞ്ഞ പ്രസിദ്ധീകരണങ്ങൾ പ്രകാരം കെ.എസ്.ഇ.ബി.എൽ ഹർജിക്കാരന് നൽകിയ ബില്ലുകൾ നിയമപ്രകാരമാണെന്നും, അത് അടയ്ക്കുവാൻ അവർ ബാധ്യസ്ഥരാണെന്നും മനസ്സിലാക്കാൻ കഴിയും. അതിനാൽ സീമാറ്റ് -കേരള-യുടെ ഹർജി, യാതൊരു മെറിറ്റും കൂടാതെ തള്ളണമെന്ന് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ-നു മുൻപാകെ അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

സീമാറ്റ് - കേരള സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനം അല്ലാത്തതിനാൽ സ്ഥാപനത്തിന് ബാധകമായ താരിഫ് വിഭാഗം LT VI A അല്ല LT VI B ആണെന്നാണ് കെ.എസ്.ഇ.ബി പറയാൻ ശ്രമിച്ചിട്ടുള്ളത്. ഇതിനായി വിദ്യാഭ്യാസത്തിന് പുതിയ നിർവ്വചനം കൊണ്ടുവരുവാനും ബോർഡ് ശ്രമിക്കുന്നുണ്ട്. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സർക്കാർ വിദ്യാഭ്യാസ സ്ഥാപനം തന്നെയാണ് സീമാറ്റ്-കേരള എന്നതാണ് വാസ്തവം. സംസ്ഥാനത്തെ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള പൊതു വിദ്യാലയങ്ങളിലെ പ്രഥമാധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും വിദ്യാഭ്യാസ സംബന്ധമായ പരിശീലനമാണ് institute നൽകുന്നത്. പതിവ് ക്ലാസ്സുകൾ നടക്കുന്നില്ല എന്ന ബോർഡിന്റെ വാദത്തിന് പ്രസക്തി ഇല്ലാത്തതാകുന്നു.

LBS/ Centre of Science &Technology-ക്ക് LT VI A താരിഫ് ബാധകമല്ല എന്ന് റെഗുലേറ്ററി കമ്മീഷൻ 08/07/2019-ൽ തീർപ്പ് കൽപ്പിച്ചിരുന്നു എന്നും, ആയതുകൂടി കണക്കിലെടുത്താണ് സീമാറ്റ്-കേരളയ്ക്ക് ബാധകമായ കാറ്റഗറി LT VI4 യിൽ നിന്നും LT VIB യിലേയ്ക്ക് മാറ്റിയെതെന്നുമാണ് കെ.എസ്.ഇ.ബിയുടെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെയാണെങ്കിൽ സീമാറ്റ്-കേരളയ്ക്കും LBS-നും അടക്കം ബാധകമായ താരിഫ് കാറ്റഗറി LT VIA ആണെന്ന് റെഗുലേറ്ററി കമ്മീഷൻ ഇപ്പോഴത്തെ (31/10/2023-ലെ) ഉത്തരവിൽ അർത്ഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ institute-നെ LT VIB കാറ്റഗറിയിൽപ്പെടുത്തി കുടിശ്ശിക ഈടാക്കാനുള്ള നീക്കം കെ.എസ്.ഇ.ബി. ഉപേക്ഷിക്കേണ്ടതാണ്. സീമാറ്റ്-കേരള പ്രത്യേകമായി ആവശ്യപ്പെടുകയോ എഴുതി നൽകുകയോ ചെയ്തതിന്റെ അടിസ്ഥാനത്തിലല്ല ബോർഡ് 2022 നവംബർ വരെ താരിഫ് നിരക്കിൽ instituite-ൽ നിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കി വന്നിരുന്നത്. “സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ്" എന്ന് തെറ്റിധരിച്ചാണ് ഇപ്രകാരം നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കി വന്നിരുന്നതെന്ന ബോർഡിന്റെ വാദം അപഹാസ്യമാണ്. സീമാറ്റ് - കേരള സർക്കാർ വക വിദ്യാഭ്യാസ സ്ഥാപനമാണെന്ന് ശരിയായി ധരിച്ച് തന്നെയാണ് അക്കാലത്ത് കെ.എസ്.ഇ.ബി അധികൃതർ, LT VI4-യിൽ പെടുത്തി institute-ൽ നിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കി വന്നിരുന്നത്. അതാണ് വാസ്തവവും.

2022 ഡിസംബറിലാണ് കെ.എസ്.ഇ.ബി Institute-ന് ബാധകമായ താരിഫ് കാറ്റഗറി LT VIA യിൽ നിന്ന് LT VIB ആയി മാറ്റുന്നതായി അറിയിച്ചത്. ഈ മാറ്റത്തിന് 01/02/2016 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്ന വിചിത്രവാദം ഉന്നയിച്ചുകൊണ്ടാണ് 01/02/2016 മുതൽ 11/2022 വരെയുള്ള കുടിശ്ശിക ഇനത്തിൽ 2,01,032/- രൂപ

അടയ്ക്കണമെന്ന് ബോർഡ് ആവശ്യപ്പെട്ടത്. മുൻകാല പ്രാബല്യം നൽകി നിരക്ക് വർദ്ധിപ്പിക്കുന്നത് യുക്തിക്കും സാമാന്യ, നീതിക്കും നിരക്കാത്ത കാര്യമാണ്. LT VIB നിരക്കിൽ ആണ് 12/2022 മുതൽ 10/2023 വരെ കെ.എസ്.ഇ.ബി institute നിന്ന് വൈദ്യുതി നിരക്ക് ഈടാക്കിയിട്ടുള്ളത്. റെഗുലേറ്ററി കമ്മീഷന്റെ 31/10/2023-ലെ വിധിയെത്തുടർന്ന് 11/2023 മുതൽ LT VI A നിരക്കിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്.

റെഗുലേറ്ററി കമ്മീഷന്റെ 31/10/2023-ലെ ഉത്തരവിൽ LT VIA നിരക്കിൽ വൈദ്യുതി ചാർജ്ജ് അടച്ച് വന്നിരുന്ന സീമാറ്റ് -കേരളയ്ക്ക് പുറമേ, LT VIB/ മറ്റ് താരിഫ് നിരക്കിൽ വൈദ്യതി ചാർജ്ജ് അടച്ചുവന്നിരുന്ന LBS, IHRD, CAPE, ILDM എന്നീ സ്ഥാപനങ്ങൾക്കും ബാധകമായ താരിഫ് കാറ്റഗറി ഉത്തരവ് തീയതി മുതൽ LT VI A ആയിരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിനർത്ഥം 31/10/2023-ന് മുമ്പുള്ള കാലത്ത് LT VIA കാറ്റഗറിയിൽ വൈദ്യതി ചാർജ്ജ് അടച്ചുവന്നിരുന്ന സീമാറ്റ്-കേരളയിൽ നിന്ന് പ്രസ്തുത കാലത്തേയ്ക്ക് LT VI B നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കാമെന്നല്ല.

സംസ്ഥാന സർക്കാരിൽ നിന്ന് വർഷാവർഷം ലഭിക്കുന്ന Grand-in-aid മാത്രമാണ് സീമാറ്റ്-കേരളയുടെ വരുമാനം. ഇലക്ട്രിസിറ്റി ചാർജ്ജ് അടയ്ക്കുന്നതും Grand-in-aid നിന്നാണ്. കെ.എസ്.ഇ.ബി ആവശ്യപ്പെട്ടിട്ടുള്ള കുടിശ്ശിക അടയ്ക്കേണ്ടി വന്നാൽ ആയതിനുള്ള തുകയും Grand-in-aid നിന്ന് മാത്രമേ വിനിയോഗിക്കാന് കഴിയു. LBS, IHRD, CAPE പോലെയുള്ള സ്ഥാപനങ്ങൾ പഠിതാക്കളിൽ നിന്ന് ഫീസ് ഈടാക്കി വരുന്നുണ്ട്. എന്നാൽ സീമാറ്റ്-കേരള പരിശീലനാർത്ഥികളിൽ നിന്നും പഠിതാക്കളിൽ നിന്നും യാതൊരുവിധ ഫീസും ഈടാക്കുന്നില്ല. മേൽ കാരണങ്ങൾ കൊണ്ടുതന്നെ സീമാറ്റ്-കേരളയിൽ നിന്നും കുടിശ്ശിക ഈടാക്കാനുള്ള ശ്രമം കെ.എസ്.ഇ.ബി. ഉപേക്ഷിക്കേണ്ടാണ്.

01/11/2023-ന് മുമ്പ് സീമാറ്റ്-കേരളയ്ക്ക് ബാധകമാക്കേണ്ട താരിഫുമായി ബന്ധപ്പെട്ട ഉത്തരവ് റെഗുലേറ്ററി കമ്മിഷനിൽ നിന്നും ലഭിച്ചിട്ടില്ല എന്നും ആയത് വ്യക്തമാക്കിയുള്ള ഉത്തരവിന് വേണ്ടി കമ്മീഷനെ സമീപിച്ചിരിക്കുകയാണെന്നുമാണ് കെ.എസ്.ഇ.ബിയുടെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത്. ഷോർട്ട് അസ്സെസ്സ്മെന്റ് ബിൽ തുക അടയ്ക്കാൻ വൈകുംതോറും ബിൽ തീയതി മുതൽ സർചാർജ്ജ് വർദ്ധിക്കുമെന്നും statement-ൽ പറഞ്ഞിരിക്കുന്നു. കുടിശ്ശികയുടെ കാര്യത്തിൽ ബന്ധപ്പെട്ട അതോറിറ്റിയുടെ (ഓംബുഡ്സ്മാൻ/റെഗുലേറ്ററി കമ്മീഷൻ) അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെ ഷോർട്ട് അസ്സെസ്സ്മെന്റ് ബിൽ തുകയിൽ സർചാർജ്ജോ പലിശയോ പിഴപ്പലിശയോ കൂട്ടിച്ചേർക്കാൻ കെ.എസ്.ഇ.ബി. യെ അനുവദിക്കരുതെന്ന് അപേക്ഷിക്കുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സീമാറ്റ് -- കേരളയുടെ താരിഫ് കാറ്റഗറി LT VI B യിൽ നിന്ന് മുൻകാല പ്രാബല്യത്തോടെ LT VIA ആക്കി മാറ്റി 2,01,032/- കുടിശ്ശിക ഈടാക്കാനുള്ള കെ.എസ്.ഇ.ബി.യുടെ ഏകപക്ഷീയവും നീതി രഹിതവുമായ തീരുമാനം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്‌മാൻ മുമ്പാകെ അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 14/03/2024-ന് രാവിലെ 10:30-ന് KSEBL, പരുത്തിപ്പാറ,തിരുവനന്തപുരം,IB-യിൽവെച്ച് നടന്നു. പരാതിക്കാരന്റെ ഭാഗത്തുനിന്നും ശ്രീ. സുരേഷ് ബാബു എ., എതിർ കക്ഷിയായ ശ്രീമതി. ആശ എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഫോർട്ട് എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു.

SEMAT, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നതും വിദ്യഭ്യാസ രംഗത്തുള്ള ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് ട്രെയിനിങ് നൽകുന്നതിന് വേണ്ടി സ്ഥാപിതമായിട്ടുള്ളതുമായ ഒരു സ്ഥാപനമാണ്. ലൈസൻസി ഇതൊരു സർക്കാർ വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ തെറ്റായി LT VIA-യിൽ പെടുത്തി വൈദ്യുത ചാർജ് ഈടാക്കി വന്നിരുന്നു. എന്നാൽ ലൈസൻസിയുടെ ഓഡിറ്റ് വിങ് ഈ തെറ്റ് കണ്ടുപിടിക്കുകയും ഇവിടെ സ്വീകരിക്കേണ്ട ശരിയായ താരിഫ് LT VIB ആണെന്ന് സ്ഥാപിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 2016 മുതൽ കുറവുവന്ന തുക കണക്കാക്കുകയും ആ തുകയായ 2,01,032/- രൂപ സ്ഥാപനം അടയ്ക്കാൻ ബാധ്യസ്ഥരാണെന്ന് എതിർ കക്ഷി വാദിക്കുകയും ചെയുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവുകളിൽ 2016 മുതലാണ് സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങൾക്കും ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വ്യത്യസ്ത താരിഫുകളിലാക്കിയത്. എന്നാൽ 31/10/2023-ൽ ഇറക്കി 01/11/2023 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് ഉത്തരവിൽ LT VIA-യും LT VIB-യും താഴെ പറയുന്ന രീതിയിലാണ്

**LT-VI- General (A) [LT- VI (A)]**

*"The tariff under LT-VI (A) category is applicable to,-*

*(i) Government or Government aided educational institutions; libraries and reading rooms of Government or Government aided educational institutions.*

*(ii) Educational institutions administrated by the Government such as LBS, IHRDE, CAPE etc.*

*(iii) Primary health centres, dispensaries and hospitals under the Central Government or State Government or Local Self Government Institutions; X-Ray units, laboratories, blood banks, mortuaries and such other units attached to such primary health centres, dispensaries and hospitals; blood banks of IMA; poly clinics under Ex-servicemen Contributory Health Scheme (ECHS).*

*Centres for religious worship such as temples, mosques and churches; institutions imparting religious education, monasteries and convents;"*

**LT-VI GENERAL (B)**

*"The tariff under this category is applicable to,-*

*(i) offices and institutions under the State or Central Governments or under the Local Self Government Institutions, except those which are included in the category LT-VI General (C); village offices; Government Treasuries.*

*(ii) offices of the Corporations, Boards and other Public Sector Undertakings under State or Central Governments;*
*(iii) offices of the Kerala Water Authority (KWA), Kerala State Road Transport Corporation (KSRTC) and Kerala State Water Transport Corporation (KSWTC);*

*(iv) museum and / or zoo;*

(v) *hostels of educational institutions affiliated to Universities, hostels under the control of the Director of Technical Education or the Director of Medical Education or the Director of Public Instruction or such other institutions of Government, hostels run by the State or Central Government, hostels run by State Social Welfare Board, hostels run by institutions registered under the Travancore - Cochin Literary, Scientific and Charitable Societies Registration Act, 1955 (12 of 1955) or under the Societies Registration Act, 1860 (21 of 1860) or under Indian Trust Act, 1882, the donations to which are exempted from payment of Income Tax; Working women hostels operating under the scheme approved by the Ministry of Women and Child Development, Government of India, hostels under the supervision and monitoring of Department of Social Welfare, Government of Kerala;"* etc.....

സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലും സാമ്പത്തിക സ്രോതസ്സിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണല്ലോ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. അതുപോലെ സർക്കാർ ശമ്പളം നൽകുന്ന അധ്യാപകരാണ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നത്. എന്നാൽ സർക്കാരിന്റെ യാതൊരു

സഹായവുമില്ലാതെ വിദ്യാർത്ഥികളിൽ നിന്നും പിരിക്കുന്ന ഫീസിലൂടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണല്ലോ Self financing institutions. അതിനാൽ തന്നെ SEMAT ഒരു Self financing institution അല്ല എന്ന് വ്യക്തമാക്കുന്നു. കാരണം ഇത് പൂർണമായി സർക്കാർ സാമ്പത്തിക സഹായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്.

ഇവിടെ തിരുവനന്തപുരം അട്ടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന SIEMAT-ൽ വിദ്യാഭ്യാസത്തെക്കാളുപരി ഓഫീസ് പ്രവർത്തനമാണ് നടക്കുന്നത് എന്നാണ് എതിർകക്ഷിയുടെ വാദം. എന്നാൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടി വിദ്യാഭ്യാസ വിദഗ്ദ്ധരെ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള മാനേജ്മെന്റ് പരിശീലനമാണ് നടക്കുന്നതെന്നാണ് പരാതിക്കാരൻ അവകാശപ്പെടുന്നത്. വിദ്യാഭ്യാസം എന്നതുകൊണ്ട് സ്കൂളിലും കോളേജിലും നടക്കുന്ന ക്ലാസ്സുകൾക്കുപരി വിദഗ്ദ്ധരെ പരിശീലിപ്പിക്കുന്നതും അതിന്റെ ഭാഗമാണ് എന്നതാണ് വസ്തുത. സർക്കാർ നിയന്ത്രണത്തിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളായ LBS Centre for Science and Technology-യുടെയും മറ്റും അപേക്ഷ പരിഗണിച്ചാണ് 2023-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ സർക്കാർ നിയന്ത്രണത്തിലുള്ള സ്വയം ഭരണ സ്ഥാപനങ്ങൾക്കും LT VIA താരിഫ് ബാധകമായിരിക്കുമെന്ന ഒരു തീരുമാനം കൈക്കൊണ്ടത്. 01/11/2023 മുതൽ നടപ്പിലായ താരിഫ് പ്രകാരം ഇത്തരം സ്ഥാപനങ്ങൾക്കും കൂടി, LT VIA താരിഫ് ബാധകമാക്കി. 31/10/2023-ലെ KSERC ഉത്തരവ് ഖണിക

2.19 *“The Commission has examined in detail the request of SIEMAT, ILDM, CAPE, IHRD, LBS etc. As per the prevailing tariff Order dated 25.06.2022, the Government/ aided educational institutions are categorised under LT-VI(A) tariff where as the self financing educational institutions are billed under LT- VI(F) tariff.*

*The Commission after detailed appraisal of the issue, decided that, the electricity tariff applicable for all the educational institutions administered by the State Government shall be LT-VI(A) tariff applicable for the Government / aided educational institutions. The change is applicable only from the date of this Order”.*

ഈ താരിഫ് മുൻകാല പ്രാബല്യത്തോടെ നടപ്പാക്കണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പരാതിക്കാരൻ കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷനിൽ പരാതി സമർപ്പിച്ചിരിക്കുകയാണ്. അത് ന്യായീകരിക്കാൻ SIEMAT ഉന്നയിക്കുന്ന വാദഗതികൾ താഴെപ്പറയുന്നവയാണ്;

I. വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സർക്കാർ വക സ്ഥാപനമാണ് SIEMAT.

II. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻഡ് ഇൻ എയ്ഡ് ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. വേറെ തനതു വരുമാനം ഇല്ലാത്തതാകുന്നു.

III. സർക്കാർ/എയ്ഡഡ് പ്രഥമ അദ്ധ്യാപകർക്കും, വിദ്യാഭ്യാസ ഓഫീസർമാർക്കും വിദ്യാഭ്യാസ മാനേജ്മെന്റ് വിഷയങ്ങളിൽ പരിശീലനം നൽകുന്നതാണ് ഈ സ്ഥാപനം. പരിശീലനാർഥികളിൽ നിന്ന് ഫീസോ മറ്റോ ഈടാക്കുന്നില്ല.

IV. SIEMAT ആവശ്യപ്പെടാതെയാണ് 2022 ഡിസംബർ വരെ KSEBL, LT VIA നിരക്കിൽ ചാർജ് ഈടാക്കിവന്നിരുന്നത്.

V. താരിഫ് മാറ്റത്തിനു മുൻകാല പ്രാബല്യം നൽകി കുടിശ്ശിക ഈടാക്കുന്നത് യുക്തിസഹചമല്ല.

ഇവ കണക്കിലെടുക്കുമ്പോൾ SIEMAT ഒരു സർക്കാർ സ്ഥാപനമായിത്തന്നെ കണക്കാക്കേണ്ടിവരും. അതിനാലാണ് KSERC-യുടെ 2023-ലെ ഉത്തരവിൽ LT VIA ബാധകമാണെന്ന് തീരുമാനിച്ചതും. KSERC ആ ഉത്തരവ് പുറപ്പെടുവിച്ചതുമുതലാണ് പ്രാബല്യം എന്ന് പ്രത്യേകം എടുത്തു പറയുന്നു. മുൻകാല പ്രാബല്യം വരണമെങ്കിൽ അത് KSERC-യുടെ തീരുമാനപ്രകാരം മാത്രമേ കഴിയുകയുള്ളു. പരാതിക്കാരനും ലൈസൻസിയും പരാതി കമ്മീഷനിൽ സമർപ്പിച്ചിരിക്കുകയാണ് എന്ന് സ്ഥാപിച്ചിട്ടുണ്ട്. പരാതി കമ്മീഷന്റെ പരിഗണനയിലായതിനാൽ തന്നെ ഓംബുഡ്സ്മാന് തീരുമാനം എടുക്കാൻ കഴിയുന്നതല്ല.

## <u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷികളുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ഓംബുഡ്സ്മാൻ CGRF-ന്റെ 19-12-2023-ലെ ഉത്തരവിനെ ശരിവെക്കുന്നു. അതായത് കമ്മീഷന്റെ തീരുമാനത്തിനനുസരിച്ചു താരിഫ് മാറ്റം ബാധകമാക്കേണ്ടതാണ്.

2. കമ്മീഷൻ തീരുമാനം വരുന്നതുവരെ Short assessment തുക ഈടാക്കുന്ന നടപടി മരവിപ്പിക്കുന്നു.

3. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/03/2024/ തീയതി: 04/04/2024.

**അയക്കുന്നത്:**

1. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മന്റ് ആൻഡ് ട്രെയിനിങ് (SIEMAT- കേരള), എം. ജി. റോഡ്, ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം ജില്ല- 695036.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഫോർട്ട്, തിരുവനന്തപുരം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര- 691 506.